# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2225 — 15/07/2011 ന് മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിൽ വില്ലേജ്മാൻ തസ്തികയിൽ നിന്നുള്ള നിയമനം

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വില്ലേജ്മാൻ നിയമനം നടത്തുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; | (എ) | നിലവിൽ വില്ലേജ്മാൻ തസ്തികയിൽ നിയമനം നടത്തുന്നത് ജില്ലാ പി.എസ്.സി. ഓഫീസ് നൽകുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ്. തിരുവനന്തപുരം ജില്ലയിൽ വില്ലേജ് മാൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (ബി) | എങ്കിൽ തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കാമോ ; | (ബി) | തിരുവനന്തപുരം ജില്ലയിലെ വില്ലേജ്മാൻ തസ്തികയുടെ റാങ്ക് ലിസ്റ്റ് 19/05/2008 ൽ നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിൽ നിന്നും 4/06/2011 വരെ 142 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ വില്ലേജ്മാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഇതിൽ എത്രയെണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (സി) | തിരുവനന്തപുരം ജില്ലയിൽ നിലവിൽ വില്ലേജ്മാൻ തസ്തികയിൽ ഒഴിവുകളില്ല. |
| (ഡി) | തിരുവനന്തപുരം ജില്ലയിലെ വില്ലേജ് മാൻ തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ വില്ലേജ് മാൻ തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും, പി.എസ്.സി. യിൽ നിന്നുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ